"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - കൊല്ലം കോർപ്പറേഷനിലെ തൃക്കടവൂർ സോണൽ ഓഫീസിൽ 'ഓപ്പറേഷൻ നിർമ്മാൺ' എന്ന പേരിൽ വി & എസിബി നടത്തിയ മിന്നൽ പരിശോധന — അപാകതകൾക്ക് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീമതി സുധി സോമരാജൻ (പെൻ-516873-)-നെതിരായുള്ള അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2376/2025/LSGD തീയതി,തിരുവനന്തപുരം, 29-09-2025

---

പരാമർശം:-

1. 25.08.2022 തീയതിയിലെ വിജിലൻസ് (എഫ്) വകുപ്പിൽ നിന്നുള്ള വിജി-എഫ്2/131/2022-വിജി നമ്പർ കത്ത്.
2. 03.08.2022 തീയതിയിലെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ ഇ3(എസ്.സി) 07/2022/കൊല്ലം) 21779/2022 നമ്പർ കത്ത്.
3. 20.10.2022-ലെ ഇഡബ്ല്യൂഎ1/70/2022/എൽഎസജിഡി നം. കുറ്റപത്രം/കുറ്റാരോപണ പത്രിക.
4. ശ്രീമതി സുധി സോമരാജൻ സമർപ്പിച്ച 03/07/2023-ലെ പ്രതിവാദപത്രിക
5. 31.08.2024-ലെ പ്രിൻസിപ്പൽ ഡയറക്ടറുടെ LSGD/PD/3942/2023-VIGA4 നം. കത്ത്.

**ഉത്തരവ്**

"ഓപ്പറേഷൻ നിർമ്മാൺ" എന്ന സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധനയുടെ ഭാഗമായി വിജിലൻസ് & ആന്റ് കറപ്ഷൻ ബ്യൂറോ കൊല്ലം യൂണിറ്റ് 07/01/2022-ൽ കൊല്ലം കോർപ്പറേഷന്റെ തൃക്കടവൂർ സോണൽ ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

- തൃക്കടവൂർ സോണൽ ഓഫീസിലെ മരാമത്ത് വിഭാഗത്തിൽ ബിൽഡിംഗ് പെർമിറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, ഒക്യുപൻസി സർട്ടിഫിക്കറ്റ് എന്നിവയുമായി ബന്ധപ്പെട്ട് 2021-22 കാലയളവിൽ 239 അപേക്ഷകൾ ലഭിച്ചതിൽ 108 അപേക്ഷകൾ തീർപ്പാക്കാതെ ഓഫീസിൽ സൂക്ഷിച്ച് വരുന്നതും ആയതിൽ 6 മാസം മുമ്പ് ലഭിച്ച 13 അപേക്ഷകൾ മതിയായ കാരണമില്ലാതെ തീർപ്പാക്കാതെ സൂക്ഷിച്ചിരിക്കുന്നു. നടപടികൾ പൂർത്തിയായ അപേക്ഷകളിൽ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ അപേക്ഷകർക്ക് നൽകാതെയും, ടി അപേക്ഷകളിൽ നിരാകരിക്കപ്പെട്ടതിന്റെയോ കൂടുതൽ രേഖകൾ സമർപ്പിക്കുവാൻ

ആവശ്യമായവയുടെയോ വിവരങ്ങൾ യഥാസമയം അപേക്ഷകരെ അറിയിക്കാതെയും കാണപ്പെട്ടു.

- ടി ഓഫീസിന് കീഴിൽ വരുന്ന കൊല്ലം ബൈപ്പാസ് റോഡിന് വടക്ക ഭാഗത്ത് സ്ഥിതിചെയ്യുന്ന KMC VII/2217/21 എന്ന കെട്ടിടത്തിന് ബൈപ്പാസ് റോഡിൽ നിന്നും 4.50 മീറ്റർ മാറിയാണ് നിർമ്മാണാനുമതി നൽകിയിട്ടുള്ളത്. എന്നാൽ ലൈസൻസ് വ്യവസ്ഥകൾക്ക് വിരുദ്ധമായി ടി കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന അഫ്ഗാൻ കുഴിമന്തി എന്ന സ്ഥാപനം ടി കെട്ടിടത്തിന്റെ മുൻഭാഗത്ത് കിഴക്കേ മൂലയിൽ നിന്നും ബൈപ്പാസ് ഭാഗത്തേക്ക് 28.35$m^2$ വിസ്തൃതിയുള്ള ഒരു മുറിയും കെട്ടിടത്തിന്റെ പടിഞ്ഞാറേ മൂലയിലായി 7.26$m^2$ വിസ്തൃതിയുള്ള ഒരു മുറിയും റോഡ് അതിർത്തിയിലേക്ക് ചേർത്ത് നിർമ്മാണം നടത്തി ഉപയോഗിച്ച് വരുന്നു. ടി അധികനിർമ്മാണപ്രവൃത്തികൾ നിയമ വിരുദ്ധമായി ചെയ്തിട്ടുള്ളതും ആയതിന് യാതൊരുവിധ നികുതിയും ഒടുക്കിയിട്ടില്ലാത്തതുമാണ്.
- അഫ്ഗാൻ കുഴിമന്തി എന്ന സ്ഥാപനത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള പാർക്കിംഗ് ഏര്യയിൽ റോഡിനോട് ചേർന്ന് 84.58 ച.മീ വിസ്തീർണ്ണം ഉള്ളതും GI ഷീറ്റ് കൊണ്ട് നിർമ്മിച്ചതുമായ ഒരു കെട്ടിടത്തിൽ ഫ്രൂട്സ്, പച്ചക്കറി എന്നിവ വിൽക്കുന്ന ഫാം ഫ്രഷ് എന്ന സ്ഥാപനം പ്രവർത്തിച്ച് വരുന്നു. ടി കെട്ടിടത്തിന് നഗരസഭയുടെ ലൈസൻസ് ലഭിച്ചിട്ടില്ല.
- ഫാം ഫ്രഷ് എന്ന സ്ഥാപനത്തിന് 10 മീറ്റർ പടിഞ്ഞാറ് മാറി ശാസ്താംകോട്ട സ്വദേശിയായ മുനീർ എന്നയാൾ നടത്തി വരുന്ന നൗഫിയ ഗാർഡൻസ് എന്ന നഴ്സറിയിൽ നിയമ വിരുദ്ധമായി 4.60 മീറ്റർ വീതിയിലും 5.60 നീളത്തിലും 25.76 ച.മീ ഉള്ള GI ഷീറ്റ് കൊണ്ട് ഒരു ഷെഡ് നിർമ്മിച്ചിട്ടുള്ളതും ആയതിന് യാതൊരുവിധ നികുതിയും ഒടുക്കിയിട്ടില്ലാത്തതുമാണ്.

2.മേൽപ്പറഞ്ഞ അപാകതകൾക്ക് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീമതി സുധി സോമരാജൻ(പെൻ-516873)-നെതിരെ വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകി അച്ചടക്കനടപടി ആരംഭിച്ചിരുന്നു.

3. ശ്രീമതി സുധി സോമരാജൻ പരാമർശം (4) പ്രകാരം സമർപ്പിച്ച**എതിർവാദപത്രികയിൽ** 22.06.2020 മുതൽ കൊല്ലം നഗരസഭ ശക്തികുളങ്ങര സോണൽ ഓഫീസിൽ അസിസ്റ്റന്റ് എഞ്ചിനിയറായി സേവനം അനുഷ്ഠിച്ച് വരുന്ന ടിയാൾക്ക് 19.11.2021 മുതൽ 31.12.2021 വരെ തൃക്കടവൂർ സോണൽ ഓഫിസിന്റെ അധിക ചുമതല നൽകിയിരുന്നുവെന്നും, ടി കാലയളവിൽ നഗരസഭയിൽ ലഭിച്ച കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട അപേക്ഷകളെല്ലാം തന്നെ സമയബന്ധിതമായി തീർപ്പാക്കിയിട്ടുണ്ടെന്നും, കൊല്ലം നഗരസഭയിൽ 10 ഡിവിഷനുകൾ ഉൾപ്പെട്ട ശക്തികുളങ്ങര സോണലിലെ കെട്ടിടനിർമ്മാണം, പൊതുമരാമത്ത് തുടങ്ങിയ എല്ലാവിധ എഞ്ചിനിയറിംഗ് പ്രവൃത്തികളും കൂടാതെയാണ് തൃക്കടവൂർ സോണലിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അധികച്ചുമതല വഹിച്ചിരുന്നതെന്നും ടി കാലയളവിൽ സോണലിൽ സമർപ്പിക്കപ്പെട്ട എല്ലാ ഫയലുകളിലും നിയമവിധേയമായി നടപടികൾ കൈക്കൊണ്ടിട്ടുള്ളതും, നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്നതിന് ഓവർസിയർമാർക്കും സെക്ഷൻ ക്ലർക്കിനും സമയബന്ധിതമായി നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണെന്നും, ടി

അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ ടിയാളുടെ ഭാഗത്ത് നിന്നോ സബോർഡിനേറ്റ്സിന്റെ ഭാഗത്ത് നിന്നോ മനഃപൂർവ്വമായ യാതൊരു വീഴ്ചയും ഉണ്ടായിട്ടില്ലായെന്നും കൂടാതെ നഗരസഭയിലെ ഫയലുകളുടെ സൂക്ഷിപ്പുകാരൻ ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കും, ഇവരുടെ നിയന്ത്രണ അധികാരി സെക്രട്ടറിയുമായ സാഹചര്യത്തിൽ ടി സെക്ഷൻ ക്ലാർക്കുമാർ എഞ്ചിനിയറിംഗ് വിഭാഗത്തിന്റേതല്ലാതെ സെക്രട്ടറി നൽകുന്ന അധിക ചുമതലകൾ നിർവ്വഹിക്കുന്നതിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും, ഫയലുകൾ യഥാസമയം എഞ്ചിനിയറിംഗ് വിഭാഗം ഉദ്യോഗസ്ഥർക്ക് കൈമാറാത്ത സ്ഥിതിയുമാണ് നിലവിലുള്ളതെന്നും ബോധിപ്പിപ്പിച്ചിരിക്കുന്നു. KMC VII/2217/21 എന്ന കെട്ടിടത്തിൽ അനധികൃതമായി 28.35 ച.മീ. വിസ്തൃതിയിലും, 7.26ച.മീ. വിസ്തൃതിയിലും നിർമ്മിച്ചിട്ടുള്ള മുറികൾക്കും 85.58 ച.മീ. വിസ്തൃതിയിൽ നിർമ്മിച്ചിട്ടുള്ള ജി.ഐ ഷീറ്റ് കെട്ടിടത്തിനും, 25.76 ച.മീ. നീളത്തിലുള്ള ഷെഡ്ഡിനും അനധികൃത കെട്ടിടങ്ങളായി പരിഗണിച്ച് അസസ്സ്മെന്റ് നടത്തി (KMC VII/2217 UA, 7/2/2217 UA, 7/3/2217 UA, 7/4/2217 UA) 96083/- രൂപ ഈടാക്കുന്നതിനുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും, കൂടാതെ ടി അനധികൃത നിർമ്മാണങ്ങൾ പൊളിച്ചു നീക്കം ചെയ്യുന്നതിന് മുന്നോടിയായി താല്ക്കാലിക ഉത്തരവ് നൽകുകയും, ഹിയറിംഗ് നടത്തുകയും ചെയ്തിട്ടുള്ളതും, പിന്നീട് ടി ഉത്തരവ് സ്ഥിരീകരിച്ചിട്ടുള്ളതും കക്ഷിയ്ക്ക് വെക്കേഷൻ നോട്ടീസ് നൽകിയിട്ടുള്ളതുമാണെന്നും, നഗരസഭയുടെ അനുമതി കൂടാതെയുള്ള എല്ലാ നിർമ്മാണങ്ങൾക്കുമെതിരെ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും ബോധിപ്പിച്ചിട്ടുണ്ട്.

4. പ്രതിവാദ പത്രികയിന്മേൽ **പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം സമർപ്പിച്ച അഭിപ്രായക്കുറിപ്പിൽ** 19.11.2021 മുതൽ 31.12.2021 വരെയുള്ള കാലയളവിലെ ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 60 അപേക്ഷകൾ ലഭിച്ചിട്ടുള്ളതിൽ 20 അപേക്ഷകൾ ഒരു മാസത്തിനകം തീർപ്പ കൽപ്പിച്ചതായും 27 അപേക്ഷകൾ ഒരു മാസം മുതൽ 6 മാസത്തിനകം തീർപ്പ കൽപ്പിച്ചതായും, 2 അപേക്ഷകൾ 6 മാസത്തിലധികം കാലതാമസം വരുത്തി തീർപ്പകൽപ്പിച്ചതായും, അതിൽ ഒരു അപേക്ഷയിൽ ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവ് ലഭ്യമാകാനുള്ള കാലതാമസം കാരണം തീർപ്പ കൽപ്പിക്കുന്നതിന് താമസം നേരിട്ടതായി രജിസ്റ്ററിൽ എഴുതി കാണുന്നുവെന്നും 3 അപേക്ഷകൾ ക്യാൻസൽ ചെയ്തതായും, 6 അപേക്ഷകൾ സംബന്ധിച്ച് രജിസ്റ്ററിൽ യാതൊരു രേഖപ്പെടുത്തലുകളും വരുത്തിയിട്ടില്ലാത്തതായും, 1 അപേക്ഷ IBPMS മുഖേന ലഭ്യമായതായും, 1 അപേക്ഷയ്ക്ക് അറിയിപ്പ് നൽകിയതായും കാണുന്നുവെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തൃക്കടവൂർ സോണൽ ഓഫീസിൽ നിന്നും 2020-2021 കാലയളവിലെ പെർമിറ്റ് രജിസ്റ്ററിൽ പെർമിറ്റ് നൽകാത്തതും പെർമിറ്റ് വൈകി നൽകിയതുമായ 38 ഫയലുകൾ പരിശോധിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീമതി. സുധി സോമരാജിന് ചാർജ്ജ് ഉണ്ടായിരുന്ന കാലയളവിലെ 10 ഫയലുകളാണുള്ളത്. ആയതിൽ TZ/BA/203/21-22 (ശ്രീമതി ശാലിനി), TZ/BA/212//21-22 (ശ്രീമതി ഷീല), TZ/BA/175/21-22 (ശ്രീ. പ്യാരിലാൽ എസ്.ബാബു) എന്നീ ഫയലുകളിൽ അപേക്ഷകർക്ക് നോട്ടീസ് നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ സെക്ഷൻ ക്ലർക്കിന് നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും സെക്ഷൻ ക്ലർക്ക് നോട്ടീസ് തയ്യാറാക്കി അസി. എഞ്ചിനീയർക്ക് നൽകിയിട്ടില്ല. ആയതിനാൽ ഫയലിൽ തുടർനടപടി സ്വീകരിക്കുന്നതിൽ കാലതാമസം സംഭവിച്ചതായി കാണുന്നു. ടി മൂന്ന് ഫയലുകളിലും സെക്ഷൻ ക്ലർക്കിന്റെ ഭാഗത്തുനിന്നാണ് കാലതാമസം വന്നതെന്ന് കാണുന്നു. TZ/BA/168/21-22 (ശ്രീമതി സുധാമണി) നമ്പർ ഫയൽ നോട്ട് പരിശോധിച്ചതിൽ, 16.11.21-ൽ ടൗൺ പ്ലാനിംഗ് സെക്ഷനിൽ നിന്നും പബ്ലിക്

വർക്സ് ഓവർസീയർക്ക് ഫയൽ കൈമാറിയതായി കാണുന്നു. തുടർന്ന് 20.01.22-ൽ "charge taken received on 20/01/2022" എന്ന് പബ്ലിക് വർക്സ് ഓവർസീയർ നോട്ട് എഴുതി ഒക്യുപൻസി അനുവദിക്കുന്നതിന് ശിപാർശ ചെയ്തിട്ടുള്ളതും ടി ഫയലിൽ കാലതാമസം വന്നതായും കാണുന്നു. ആയതിനാൽ തന്നെ 31.12.21-ൽ ടി സോണലിൽ നിന്നും വിടുതൽ ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയർക്ക് ടി ഫയലിന്മേൽ നടപടികൾ സ്വീകരിക്കുന്നതിന് കിട്ടിയതായി കാണുന്നില്ലായെന്നും, ആയതിനാൽ പ്രസ്തുത ഫയലിലെ കാലതാമസം ടിയാളുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയല്ലെന്നും തൃക്കടവൂർ സോണൽ ഓഫീസിൽ ടിയാൾക്ക് 40 ദിവസം മാത്രമാണ് അഡീഷണൽ ചാർജ് ഉണ്ടായിരുന്നതെന്ന വസ്തുത കൂടെ കണക്കിലെടുത്ത് ശ്രീമതി സുധി സോമരാജന്റെ മറുപടി അനുഭാവപൂർവം പരിഗണിക്കാവുന്നതാണ് എന്നും ശ്രീമതി സുധി സോമരാജനെതിരെയുള്ള മറ്റ് ആരോപണങ്ങൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ടി അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നതായി കാണുന്നുവെന്നും, ടി അനധികൃത നിർമ്മാണങ്ങൾ U/A അസസ്മെന്റ് ചെയ്തതായി കാണുന്നുവെന്നും ആയവ പൊളിച്ചു കളയുന്നതിനുള്ള നടപടികൾ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും സ്വീകരിച്ചിട്ടുണ്ടെങ്കിലും financial year ending ആയതിനാലും, Model Code of Conduct നിലവിൽ വരുമെന്നതിനാലും മാർച്ച് 2024 കഴിയുന്ന മുറയ്ക്ക് പൊളിച്ചു നീക്കം ചെയ്യുന്ന നടപടികൾ തുടരാമെന്ന് 23.02.24-ൽ നഗരസഭാ സൂപ്രണ്ടിംഗ് എഞ്ചിനീയർ നോട്ടിൽ ഉത്തരവിട്ടതായും പ്രസ്തുത അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു വരുന്നതായി കാണുന്നുവെന്നും,, ശ്രീമതി സുധി സോമരാജൻ തൃക്കടവൂർ സോണൽ ഓഫീസിന്റെ ചുമതല വഹിച്ചിരുന്ന കാലയളവിൽ ആരോപണവിധേയമായ 3 ഫയലുകളും ടിയാൾക്ക് നടപടിക്കായി സമർപ്പിക്കപ്പെട്ടിട്ടില്ലാത്തതും, കൂടാതെ കടകളുടെ നികതി, ലൈസൻസ് എന്നിവ ഈടാക്കുന്നതിന്റെ ചുമതല നഗരസഭയുടെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റേതല്ലായെന്നും, ആയതിനാൽ ശ്രീമതി സുധി സോമരാജന്റെ മറുപടി അംഗീകരിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു.

6. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധന റിപ്പോർട്ട്, ശ്രീമതി സുധി സോമരാജൻ സമർപ്പിച്ച എതിർവാദപത്രിക, അതിന്മേലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായക്കുറിപ്പ് എന്നിവ സർക്കാർ വിശദമായി പരിശോധിച്ചു. 22.06.2020 മുതൽ കൊല്ലം നഗരസഭ ശക്തികുളങ്ങര സോണൽ ഓഫീസിൽ അസിസ്റ്റന്റ് എഞ്ചിനിയറായി സേവനം അനുഷ്ഠിച്ചു വന്ന ശ്രീമതി സുധി സോമരാജന് 19.11.2021 മുതൽ 31.12.2021 വരെ തൃക്കടവൂർ സോണൽ ഓഫിസിന്റെ അധിക ചുമതല നൽകിയിരുന്നുവെന്നും, കൊല്ലം നഗരസഭയിൽ 10 ഡിവിഷനുകൾ ഉൾപ്പെട്ട ശക്തികുളങ്ങര സോണലിലെ കെട്ടിട നിർമ്മാണം, പൊതുമരാമത്ത് തുടങ്ങിയ എല്ലാവിധ എഞ്ചിനിയറിംഗ് പ്രവൃത്തികളും കൂടാതെയാണ് തൃക്കടവൂർ സോണലിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അധിക ചുമതല വഹിച്ചിരുന്നതെന്നും നഗരസഭയുടെ അനുമതി കൂടാതെയുള്ള എല്ലാ നിർമ്മാണങ്ങൾക്കുമെതിരെ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചു വന്നിരുന്നുവെന്നും, ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ അസിസ്റ്റന്റ് എൻജിനീയർ ശ്രീമതി സുധി സോമരാജന്റെ ഭാഗത്ത് നിന്നും കാര്യമായ വീഴ്ചകൾ സംഭവിച്ചിട്ടില്ലായെന്നും കൂടാതെ തൃക്കടവൂർ സോണൽ ഓഫീസിൽ ടിയാൾക്ക് 40 ദിവസം മാത്രമാണ് അഡീഷണൽ ചാർജ് ഉണ്ടായിരുന്നതെന്നുമുള്ള പ്രിസിപ്പൽ ഡയറക്ടറുടെ അഭിപ്രായം അംഗീകരിച്ച് **അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീമതി സുധി സോമരാജൻ (പെൻ-516873)-നെതിരെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം സ്വീകരിച്ചു വന്ന അച്ചടക്കനടപടി അവസാനിപ്പിച്ച്**

**ഉത്തരവാകുന്നു.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

1. ശ്രീമതി സുധി സോമരാജൻ, മുൻ അസിസ്റ്റന്റ് എഞ്ചിനിയർ,ശക്തികുളങ്ങര സോണൽ ഓഫീസ്, കൊല്ലം നഗരസഭ.**(പ്രിൻസിപ്പൽഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
5. വിജിലൻസ് (എഫ്) വകുപ്പ്.
6. തദ്ദേശ സ്വയംഭരണ(EWB) വകുപ്പ്(DPC List സംബന്ധിച്ച നടപടിയ്ക്കായി)
7. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.(EWA1/70/2022-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 29-09-2025 15:17:54
സെക്ഷൻ ഓഫീസർ